File No.SJD/1604/2020-C3

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ
(ഹാജർ: ഷീബ ജോർജ് ഐ .എ .എസ് )

ഉത്തരവ് നം.

തിരുവനന്തപുരം,
തീയതി. 30/04/2020

വിഷയം സാമൂഹ്യനീതി വകുപ്പ് -കോവിഡ് 19-വാഹനങ്ങളുടെ ഉപയോഗം ക്രമീകരിക്കൽ -അനുമതി നൽകി ഉത്തരവാകുന്നു .

പരാമർശം ഈ കാര്യാലയത്തിലെ 30.3.2020 ലെ ഇതേ നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിലെ കീഴ് കാര്യാലയങ്ങളിൽ 2019-20 സാമ്പത്തികവർഷം കരാർ വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്ത് ഉപയോഗിച്ചുവന്നിരുന്ന വാഹനങ്ങൾ നിലവിലെ നിരക്കിൽ മാറ്റമില്ലാതെ 31.5.2020 വരെ തുടർന്നും ഉപയോഗിക്കുന്നതിനു പരാമർശം പ്രകാരം നിർദേശം നൽകിയിട്ടുണ്ട് .കോവിഡ് 19 ന്റെ ഭാഗമായി സംസ്ഥാനത്ത് ലോക്ക് ഡൌൺ പ്രഖ്യാപിച്ചതുമൂലം നിലവിൽ പൊതുഗതാഗതം തടസപ്പെട്ടുകയും ജീവനക്കാർക്ക് ഓഫീസിൽ ഹാജരാകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നതായി കാണുന്നു .വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്, ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നത് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കു വിധേയമായി ജീവനക്കാരുടെ സാന്നിധ്യം ഉറപ്പാക്കേണ്ടതുണ്ട് .

മുകളിൽ വിവരിച്ച സാഹചര്യത്തിലും സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിന്റെ ഗൗരവം പരിഗണിച്ചും കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ച് വരുന്ന കരാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള ഔദ്യോഗിക വാഹനങ്ങൾ ലോക്ക് ഡൌൺ കാലയളവിൽ ജില്ലകളിലെ ജീവനക്കാരെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ഓഫീസിൽ എത്തിക്കുന്നതിനും തിരികെ താമസസ്ഥലത്ത് എത്തിക്കുന്നതിനും നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു .

മേൽ കാലയളവിൽ വാഹനത്തിന്റെ ഉപയോഗം കരാർ പ്രകാരമുള്ള കിലോമീറ്റർ പരിധി അധികരിക്കാത്ത രീതിയിൽ ക്രമീകരിക്കുന്നതിന് ഓഫീസ് മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

<u>പകർപ്പ് :</u>

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. ഡയറക്ടറുടെ സി.എ

**File No.SJD/1604/2020-C3**

3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്